

little KITEs
KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION
തളിർ
G.H.S.S. Kavanur
Donated by 1996/97 SSLC Batch
GHSS
KAVANUR
School Magazine 2019
Ghss Kavanur

# Our Headmaster



## Imbichi Mothi. U

" ലിറ്റിൽ കൈറ്റ്സിന്റെ മേൽനോട്ടത്തിൽ തയ്യാറാക്കിയ തളിരിന് ആശംസകൾ നേരുന്നു "

# താളുകളിൽ.........

കാവനൂർ ഗവൺമെന്റ് ഹയർസെക്കൻഡറി സ്കൂൾ മികവിന്റെ പാതയിൽ..........................................5
കാക്കയുടെ പൊങ്ങച്ചം.........................6
സൗഹൃദം...........................................7
'THE NEED TO MAKE OUR ROADS SAFE ZONES'...................8
കടംകഥകൾ....................................10
നമോവാകം.....................................11
വൃദ്ധപരിചരണം................................13
THE EARTH..................................15
എന്റെ ഭാഷ.....................................16
നീലക്കുറിഞ്ഞി പൂക്കുമ്പോൾ.............17
കേളുവിന് പറ്റിയ അമളി....................18
വരുമോ വസന്തമേ വീണ്ടും.................19
വേർപാടിനായി................................20
Causes of Natural disasters............21
മാനിയായ മാനിരി............................23
ഞാനാണ് താരം...............................26
മൂന്നക്ഷരം.......................................29
മുഖമെവിടെ ?...................................31
For an healthy future......................32
മരണാന്തരം ഞാൻ നിങ്ങളെ
കാണുമ്പോൾ.............................33
മഴനൂലുകൾ...............................35
SUMMARY............................36
THE RACE – NISHA PUNJABI ..........................................36
പനിനീർ പൂവിന്റെ കൂട്ടുകാരൻ....37
നിറവേളകൾ.............................38
മടിയനായ മുയൽ.......................39
TRAVEL AND TOURISM.....40
ജീവിത നാളം............................41
എന്റെ വിദ്യാലയം.....................42
Women Empowerment............43
നൂറ്റാണ്ടുകൾക്കപ്പുറം..................45
എന്റെ നാട്...............................46
ചേച്ചിയും അനിയനും..................47
ബീച്ച് ഭീക്ഷണിയോ ?................48
പൊതുവിജ്ഞാനം......................49
കേരളത്തിന്റെ രാജവീഥിയിലൂടെ.......................50
കൂട്ടുകാർ വരച്ച ചിത്രങ്ങൾ............54
ഓർമകളുടെ താളുകൾ.................55
We the Little Kites...................61
മാഗസിന്റെ പിന്നിൽ....................62

# എഡിറ്റോറിയൽ

നമുക്ക് യാത്ര തുടങ്ങാം.....
അറിവ് തേടിയുള്ള യാത്ര.
അക്ഷര ലോകത്തിന്റെ
ദിവ്യപ്രപഞ്ചത്തിൽ ,
നവ്യമായ അനുഭൂതി തേടി
അലയുമ്പോൾ
വാക്കുകൾക്കിടയിലെ അർത്ഥഭേദങ്ങളും,
വാക്കുകൾ തമ്മിലുള്ള വൈരുദ്ധ്യങ്ങളും
കണ്ട് അത്ഭുതപ്പെട്ടേക്കാം.
ഇന്നലെയുടെ ,
മനസ്സിന്റെ ഭിത്തിയിൽ
കോറിയിട്ട ചിത്രങ്ങളെയും,
സ്വപ്നങ്ങളെയും മഴവില്ലിൻ
ചാരുതയോടെ മയിൽപ്പീലി തുമ്പിൽ
മഷി പുരട്ടുമ്പോൾ
അക്ഷരലോകത്തിൽ
പ്രകാശം പരക്കുകയായി.....
അജ്ഞതയെന്ന ഇരുളിനെ തുടച്ചുനീക്കി
അറിവ് എന്ന പ്രകാശത്തിലേക്ക്
സഞ്ചരിക്കാനുള്ള എളിയ ശ്രമം.
തെറ്റുകളും കുറവുകളും സ്വാഭാവികം,
സഹകരിച്ച എല്ലാവരോടും നന്ദിയുണ്ട് !

സ്റ്റുഡന്റ് എഡിറ്റർ
ശീതൾ.എം

# കാവനൂർ ഗവൺമെന്റ് ഹയർസെക്കൻഡറി സ്കൂൾ മികവിന്റെ പാതയിൽ.........

കാവനൂർ പഞ്ചായത്തിലെ ഇളയൂരിലാണ് കാവനൂർ ഹയർസെക്കൻഡറി സ്കൂൾ സ്ഥിതി ചെയ്യുന്നത്.അന്തരിച്ച ചെങ്ങര ശ്രീ.ടി.അയ്യപ്പുണ്ണി എന്നയാൾ സൗജന്യമായി നൽകിയ മൂന്നര ഏക്കർ സ്ഥലത്താണ് വിദ്യാലയം പ്രവൃത്തിക്കുന്നത്.

1974-ൽ ഹൈസ്കൂളായി തുടങ്ങി 2002-ൽ ഹയർസെക്കൻഡറിയായി ഉയർന്ന നമ്മുടെ വിദ്യാലയം ജനപ്രതിനിധികൾ,ജില്ലാപഞ്ചായത്ത്,തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ സർവ്വോപരി നല്ലവരായ നാട്ടുകാർ തുടങ്ങിയവരുടെ അകമഴിഞ്ഞ സഹായസഹകരണങ്ങൾക്കൊണ്ടും പിന്തുണക്കൊണ്ടും ഇന്ന് കേരളത്തിലെ തന്നെ മികച്ച വിദ്യാലയങ്ങളുടെ നിരയിലേക്ക് എത്തിച്ചേർന്നതിൽ എല്ലാവർക്കും അഭിമാനിക്കാം.

കാവനൂർ പഞ്ചായത്തിലെ സാധാരണക്കാരായ ജനങ്ങളുടെ വിദ്യാഭ്യാസവും,സാംസ്കാരികവുമായ വളർച്ചയിൽ നിർണ്ണായക പങ്കുവഹിച്ച കാവനൂർ ഗവൺമെന്റ് ഹയർസെക്കഡറി സ്കൂൾ ഒരു ചരിത്ര വിജയത്തിന്റെ ആഘോഷത്തിലാണ്.വിദ്യാലയത്തിന്റെ ചരിത്രത്തിൽ SSLC പരീക്ഷയിൽ 100 % വിജയം എന്ന നേട്ടം കൈവരിക്കാൻ സാധിച്ചു. 29 കുട്ടികൾക്ക് full $A^+$,21 കുട്ടികൾക്ക് 9 A+,15 കുട്ടികൾക്ക് 8 A+ എന്നിങ്ങനെ കരസ്ഥമാക്കാൻ കഴിഞ്ഞിട്ടുണ്ട്.


NMMS പരീക്ഷയിൽ 8 കുട്ടികൾ സ്കോളർഷിപ്പിന് അർഹരായി,കൂടാതെ സബ്ജില്ല സ്കൂൾ കലോത്സവത്തിൽ തുടർച്ചയായ 5 തവണ കലാകിരീടം നിലനിർത്തി,പ്രവൃത്തിപരിചയമേള കായികമേള എന്നിവയിൽ മികവ് പുലർത്തി.ഈ വർഷത്തെ സംസ്ഥാനസ്കൂൾ കലോത്സവത്തിൽ അർജുൻ എന്ന വിദ്യാർത്ഥി കേരളനടനം,നാടോടിനൃത്തം എന്നിവയിൽ A Grade കരസ്ഥമാക്കി സ്കൂളിന്റെ പ്രശസ്തി വർദ്ധിപ്പിച്ചു.

കുട്ടികളിലെ കഴിവുകൾ പരിപോഷിപ്പിക്കുന്നതിന്,ശ്രദ്ധ,മലയാളതിളക്കം എന്നീ പ്രവർത്തനങ്ങൾ നടന്നു വരുന്നു.Little Kites,JRC,മറ്റു ക്ലബുകൾ എന്നിവയുടെ പ്രവർത്തനങ്ങൾ സജീവമായി നടന്നു വരുന്നു.

ഇനിയും ഈ വിദ്യാലയത്തിന് ഒരുപാട് നേട്ടങ്ങൾ കൈവരിക്കാനുണ്ട്. എല്ലാവരിൽ നിന്നും സർവ്വവിധ പിന്തുണയും,സഹകരണവും പ്രതീക്ഷിക്കുന്നു.............

# കാക്കയുടെ പൊങ്ങച്ചം

ഒരിക്കൽ ഒരിക്കൽ ഒരു കാക്ക ''എനിക്ക് സൗന്ദര്യമില്ല ,എനിക്ക് സൗന്ദര്യമില്ല ''എന്ന് പറഞ്ഞ് വിഷമിച്ച് നടക്കാറുണ്ടായിരുന്നു.ഒരു ദിവസം നല്ല ഭംഗിയുള്ള പീലി വിടർത്തിയാടുന്ന മയിലുകളെ കണ്ടു.അപ്പോൾ കാക്കയുടെ ഉള്ളിൽ ഒരു മോഹം തോന്നി.''എനിക്കും ഇങ്ങനെ ഭംഗിയുണ്ടെങ്കിൽ, എന്റെ സ്വരമാണെങ്കിലോ കേൾക്കാനും കൊള്ളില്ല......എന്റെ നിറമാണെങ്കിലോ കാണാനും കൊള്ളില്ല.....''കാക്കയ്ക്ക് മയിലുകളെ പോലെ ആവാൻ കൊതി തോന്നി.



കുറച്ച് കഴിഞ്ഞ് ആ മയിലുകളെല്ലാം പോയപ്പോൾ അവിടെ കുറേ മയിൽപ്പീലികൾ വീണു കിടപ്പുണ്ടായിരുന്നു.അതെല്ലാം കൊത്തിയെടുത്ത് തന്റെ വാലിന്റെ പുറകിലായി പിടിപ്പിച്ചുവെച്ചു. ഇപ്പോൾ നോക്കുമ്പോൾ കാക്കയുടെ പീലിയാണെന്ന് തോന്നും.എന്നിട്ട് സ്വയം ഒന്ന് നോക്കി. ഉം....
'' കൊള്ളാം!എനിക്ക് ഈ ഭംഗി ആരെയെങ്കിലും ഒന്ന് കാണിക്കേണ്ടേ''എന്നിട്ട് മറ്റു പക്ഷികളുടെ അടുത്തു പോയി.മറ്റു പക്ഷികളെന്നു പറഞ്ഞാൽ മറ്റ് കാക്കകളാണ്.

അവിടെ ചെന്ന് പറഞ്ഞു:''നോക്കൂ , നിങ്ങളെന്റെ മനോഹരമായ പീലി കണ്ടില്ലേ.നിങ്ങളെക്കാളും എന്ത് സുന്ദരിയാണ് ഞാൻ.''അപ്പോൾ അവരൊക്കെ അത്ഭുതത്തോടെ നോക്കുന്നുണ്ട്.''കാക്ക തന്നെയാണോ ഇത്.ഇതിനു മുമ്പ് ഇങ്ങനെയുള്ള ആളെ കണ്ടിട്ടില്ലല്ലോ.....''കാക്കയാണെങ്കിലോ പൊങ്ങച്ചം പറയാൻ തുടങ്ങി.താനൊരു സുന്ദരിയാണെന്ന് കരുതി എന്തെല്ലാം കാണിച്ചു കൂട്ടി.കാക്കക്ക് തന്നെ അറിയില്ല.പെട്ടെന്ന് അവിടെ ശക്തിയായ കാറ്റ് വീശി.എല്ലാവരും ചിറക് കൊണ്ട് തടുക്കുന്നുണ്ട്.

നോക്കുമ്പോൾ കാക്കയുടെ പുതുതായി വെച്ച പീലികളെല്ലാംകാറ്റത്ത് പറന്നു പോയി.ഇപ്പോൾ കാക്ക പഴയ കാക്ക തന്നെ.കാറ്റ് പോയി.കാക്ക നോക്കുമ്പോൾ പീലിയൊന്നുമില്ല.മറ്റു കാക്കകളെല്ലാം തന്നെ നോക്കി പരിഹസിച്ചു ചിരിക്കുന്നു.കാക്ക നാണംകെട്ട് ദൂരേക്ക് പറന്നു പോയി.'ആദ്യം തന്നെ പൊങ്ങച്ചം പറയണമായിരുന്നോ , വേണ്ട.ആദ്യം തന്നെ മറ്റുള്ളവരാകാൻ ശ്രമിക്കണമായിരുന്നോ , വേണ്ട.അപ്പോൾ.....
''നമ്മൾ മറ്റുള്ളവരാകാൻ ശ്രമിക്കരുത്. നമ്മൾ നമ്മളാവാൻ ശ്രമിക്കുക.''

അഫ്റ ഷെറിൻ.A.P
9.D

# സൗഹൃദം

സായാഹ്ന സന്ധ്യയിൽ
വിടരുന്ന പൂപോലെ
വിരിയുന്നതാണീ സൗഹൃദം.
വിതുമ്പലുകൾക്ക് സാന്ത്വനമേകാൻ
ഉണരുന്നതാണീ സൗഹൃദം.



മനക്കരുത്തായ് താങ്ങായ് തണലായ്
തെളിയുന്നതാണീ സൗഹൃദം.
കൈകോർത്തു പിടിച്ച് കളിച്ചിരിയാടാൻ
ഒന്നായുണ്ടീ സൗഹൃദം.
ഒരു കണ്ണുനിറഞ്ഞാൽ കുളിർമേകാൻ
അണയുന്നതാണീ സൗഹൃദം.

നന്ദന സുരേന്ദ്രൻ.എൻ
9 A

# 'THE NEED TO MAKE OUR ROADS SAFE ZONES'


Today, Road accidents are occurring at a large scale. This is mainly because of unhealthy driving mannerisms and carelessness of drivers. Precious lives are losing everyday. Strict implementation and execution of traffic rules and regulations will help to reduce road accidents. But today, no one in the society is ready to follow any
any kind of traffic rules and is getting into road accidents everyday.

Our government directs each and every citizen in our country to follow traffic rules. But in most cases, in the absence of a strict execution, most of the lives are losing. The carelessness of pedestrians are also causing road accidents. So,all the citizens should bother about the ill-effects of disobeying traffic rules. According to statistical data 2018-19 of road accidents, the number of road accidents occurring in our country in increasing, day by day. So we should take necessary steps to control road accidents.




The pedestrians should always cross through zebra crossing, this will avoid collision and the drivers enables easy breaking. The drivers should use helmets and wear seatbelts while driving, in order to protect from deep head injuries and accidents. They are not allowed to use alcohol and mobile-phones, while driving. It is very essential to avoid over speed and overtaking through left. The pedestrians should walk only through the right side and wear light coloured clothes at night. This will reduce many accidents and the driver will the be aware of pedestrians walking at the night. By following such measures, we can make our roads safe zones and reduce road accidents.

SuryaGayathry. P
9 A




# അവൾ

ഇന്നും അറിയാത്ത ഭ്രൂരൂപമായി
കത്തിജ്വലിക്കുന്നു നീ അകലെ
വേറിട്ടൊരമ്മതൻ സ്നേഹമാണകലെ
ഭ്രമിയില്ലാതെനിക്ക് ആരുമില്ലായിവിടെ
വറ്റിവരണ്ടു നെടുവീർപ്പായി
എങ്ങോ പോയി നീ അകന്നു
അമ്മതൻ സ്നേഹമാരാരിൽ കൊതിച്ചിട്ടും
വിട്ടുപോകും തോറും അകലുകയോ
ശൂന്യമാം നിദ്രയിൽ ആരുമറിയാതെ
ഏകാന്തനായി നീ അകന്നു
ദൂരമാം ശൂന്യമായി ഈ ഭ്രമിയാകട്ടെ
യന്ത്രവൽകൃത ലോകമല്ലോ....
കാലം കഴിഞ്ഞിട്ടും നേരം പുലർന്നിട്ടും
കണ്ടിട്ടും കാണാതെ നീ അകലും
എന്തിനീ ചിന്ത എന്തിനീ രുദ്രം
എങ്ങോ പോയി നീ അകന്നു
ആരും അറിയാതാരുമറിയാതെ
നിദ്രയിൽ ഞാനോലയിച്ചുപോയി
സ്വപ്നച്ചിറക് വിരിച്ചുവന്നവൾ
എങ്ങോ എവിടെയോ പോയ്മറന്നു
എന്തിനീ ആകുലി എന്തിനീ ആർദ്രം
പോയി മറഞ്ഞവൾ മണ്ണടിഞ്ഞു
എന്തിനീ ആകുലി എന്തിനീ ആർദ്രം
പോയി മറഞ്ഞവൾ മണ്ണടിഞ്ഞു

നിധീഷ്ണ.കെ

9 B

# കടംകഥകൾ

- അകത്തിരിപ്പോന്നേ പുറത്തുകാട്ടും കണ്ണാടി
  മുഖം
- അകത്തുനിന്നു നോക്കികാണും കണ്ടതെല്ലാം ഉള്ളിലാക്കും
  ക്യാമറ
- ഇട്ടാൽ പൊട്ടാത്ത ഇംഗ്ലീഷ് മുട്ട
  കടുക് മണി
- ഇവിടെ ഞെക്കിയാൽ അവിടെ കത്തും
  ഇലക്ട്രിക്ക് ബൾബ്
- ഉടൽ പക്ഷി , തല ചെന്നായ്, തലകീഴായ് ജീവിതം
  വവ്വാൽ
- എങ്ങും തിങ്ങി നടക്കും ആർക്കും പിടികൊടുക്കില്ല
  കാറ്റ്
- എന്റെ അച്ഛനൊരു കാളയെ കൊണ്ടുവന്നു, കെട്ടാൻ ചെന്നപ്പോൾ കഴുത്തില്ല
  ആമ
- ഒരമ്മ പെറ്റ മക്കളെല്ലാം വിറച്ച് വിറച്ച്
  അരയാലില
- ഒരാളെ ഏറ്റാൻ നാലാള്
  കട്ടിൽ
- കണ്ണില്ലെങ്കിലും കരയും
  മേഘം
- വരുമ്പോൾ ഒന്ന് വിരിഞ്ഞപ്പോൾ ആറ്
  തെങ്ങോല
- കാട്ടുപുല്ല് വീട്ടുസഭയിൽ
  പുൽപ്പായ
- ആയിരം തത്തയ്ക്ക് ഒരു കൊക്ക്
  വാഴച്ചുണ്ട്
- കാട്ടിലൊരു മദാമ പിടിച്ചു നിൽക്കുന്നു
  കൂൺ
- അവിടെ കണ്ടു ഇവിടെ കണ്ടു പിന്നെ കണ്ടില്ല
  മിന്നാമിനുങ്ങ്

ഷാമില.C.K
9 .F

# നമോവാകം

ആരല്ലെൻ ഗുരുനാഥൻ........... ആരല്ലെൻ ഗുരുനാഥൻ...........
പാരിതിലെല്ലാമെന്നെ പഠിപ്പിക്കുന്നുണ്ടല്ലോ

കവിവാക്യം സത്യമാണ്. പക്ഷെ നമ്മുടെ ഓരോരുത്തരുടെയും ജീവിതത്തിൽ വെളിച്ചമേകിയ വഴികാട്ടിയായ ചില വ്യക്തിത്വങ്ങൾ എക്കാലവും പ്രത്യേകമായി ഓർത്തെടുക്കാനുണ്ടാകുമെന്നതും

സത്യമാണ്. ജീവിതത്തിൽ ഏറ്റവും സ്വാധീനം ചെലുത്തിയ അത്തരം വ്യക്തിത്വങ്ങളെ വിവരിക്കുവാൻ ഭാഷ അപൂർണമായിത്തീരുന്നു. വ്യക്തികൾ രണ്ടുതരത്തിൽ നമ്മെ സ്വാധീനിക്കാം. ഒന്ന് ബാധിക്കുന്ന ഇരുട്ടായും , മറ്റൊന്ന് വെളിച്ചമായും. ഇരുട്ടുമൂടുമ്പോൾ വെളിച്ചമന്വേഷിച്ച് നാം കണ്ടെത്തും. അതൊരു വഴിത്തിരിവാകും. വെളിച്ചമേകുമ്പോൾ മുന്നോട്ടുള്ള യാത്ര സുഗമമായി അനുഭവപ്പെടുകയും ചെയ്യും. മനസ്സിൽ വെളിച്ചം പരത്തിയ യാത്രയിൽ വഴികാട്ടിയായി നിൽക്കുന്ന ഒരു മഹദ് വ്യക്തിത്വത്തെ ഓർക്കാനും , ആദരാഞ്ജലികൾ അർപ്പിക്കുവാനും ഞാൻ ശ്രമിക്കട്ടെ.

രാമപുരത്ത് വടക്കേടത്ത് നാരായണൻ നമ്പൂതിരിയുടെയും ഉണ്ണിക്കാളി അന്തർജനത്തിന്റെയും മകളായ, പാലശ്ശേരി ദാമോദരൻ നമ്പൂതിരിയുടെ ഭാര്യയായ എന്റെ ഭർത്തൃമാതാവായ രാധ അന്തർജനം.



1999 ആഗസ്റ്റ് 20 ന് വിവാഹം കഴിഞ്ഞ് മഞ്ചേരി സേനാസദനത്തിൽ എത്തിയ അന്നുമുതൽ എനിക്കനുഭവപ്പെട്ടതാണ് അമ്മയുടെ നിറസാന്നിദ്ധ്യം.....അതാണ് എന്റെ കുടുംബത്തിന്റെ ശക്തി എന്നും ഞാൻ തിരിച്ചറിഞ്ഞു.ഏത് സദസ്സിലും

അമ്മക്ക് അവരുടേതായ ഒരു സ്ഥാനമുണ്ടായിരുന്നു.ആരോടും കുസലില്ലാതെ സംസാരിക്കുമായിരുന്നു.ഏത് സന്ദർഭത്തിലും അതിന് യോജിച്ച കവിത ചൊല്ലുമായിരുന്നു.അത്രയേറെ സ്വാധീനമുണ്ടായിരുന്നു ആശാൻ കവിതകൾക്ക് അമ്മയിൽ.

ആരുടെ എന്ത് പ്രശ്നത്തിലും പരിഹാരമാവുന്ന അല്ലെങ്കിൽ ആർക്കും ആശ്രയിക്കാവുന്ന കൈതാങ്ങായിരുന്നു അമ്മ.സംസാരിക്കുന്ന വ്യക്തിയുടെ നിലയിലേക്ക് ഉയരാനും അതേ സമയം താഴാനും.........ആരോടും സൗഹാർദപരമായി സംസാരിക്കാനുമുള്ള കഴിവ് അമ്മയിൽ നിക്ഷിപ്തമായിരുന്നു.ഒരു കൂട്ടുകുടുംബത്തിൽ വളർന്നുവന്ന എനിക്ക് ഇവിടെ അങ്ങനെയല്ലാതിരുന്നിട്ട് കൂടി അമ്മ,വലിയമ്മ,ചെറിയമ്മമാർ തമ്മിലുള്ള യോജിപ്പ് അൽഭുതമുളവാക്കി.അതിന് നേതൃത്തം കൊടുത്തിരുന്നത് അമ്മയാണെന്ന് നിസസ്സംശയം പറയാം."ജ്യേഷ്ഠാനുജന്മാർ തമ്മിൽ അഭിപ്രായ വ്യത്യാസങ്ങളുണ്ടാവാം - പക്ഷേ പല കുടുംബങ്ങളിൽ നിന്നും വരുന്ന ആത്തേമ്മാരുകൾ തമ്മിൽ ഒന്നിച്ചു നിന്നാലെ കുടുംബങ്ങൾ  തമ്മിൽ ചേർച്ചയുണ്ടാവൂ അമ്മ പല തവണ പറഞ്ഞ വാക്കുകൾ...

ആ വാക്കുകളിലൂടെ പകർന്ന് കിട്ടിയ വലിയ പാഠമാണ് ഇന്നത്തെ ഞങ്ങളുടെ കൂട്ടായ്മയ്ക്ക്  ആധാരം എന്നും ഞാൻ ഈ അവസരത്തിൽ ഓർക്കുന്നു.


കുടുംബ ബന്ധങ്ങൾ ഇമ്പമാർന്ന സംഗീതം പോലെ ഹൃദ്യമായ അനുഭവങ്ങളാക്കി തീർക്കുകയായിരുന്നു അമ്മ.അമ്മയുടെ ചിന്തകളിലും,പ്രവൃത്തികളിലും ഓരോരുത്തർക്കായും കരുതിവെപ്പുകളുണ്ടായിരുന്നു........ അതുകൊണ്ട് തന്നെയാവാം പരിചയമുള്ള ഓരോ വ്യക്തികളുടെ മനസ്സിലും അമ്മ ഇപ്പോഴും സജീവമായി നിലനിൽക്കുന്നതും.....

കേവലം എട്ടു വർഷങ്ങൾ മാത്രമേ ആ സ്നേഹത്തണലിൽ ജീവിക്കാൻ എനിക്ക് യോഗമുണ്ടായുള്ളൂ .അക്കാര്യത്തിൽ മാത്രമാണ് ദൈവത്തോട് എന്നും എന്റെ പരാതി.ഇരുട്ടു മൂടിയ ജീവിതയാത്രയിൽ അമ്മ പകർന്നു തന്ന വലിയ പാഠങ്ങൾ ചെറുതരിവെട്ടം കാണിച്ച് എന്നെ കൈപിടിച്ച് നടത്തുമെന്ന ഉറച്ച വിശ്വാസമുണ്ട്.മൺമറഞ്ഞുപോയ പിതാമഹന്മാർക്കും ഗുരുക്കന്മാർക്കും നമോവാകമർപ്പിച്ചുകൊണ്ട്.....

പ്രസീത അജിത്ത്
ജി.എച്ച്.എസ്.എസ് കാവനൂർ

# വൃദ്ധപരിചരണം

നമ്മുടെ സമൂഹത്തിലെ മനുഷ്യരിൽ ഇരുപതു ശതമാനത്തിലധികം വൃദ്ധജനങ്ങളാണ്.ജീവിതകാലം മുഴുവൻ അധ്വാനിച്ചതിന് ശേഷം വാർധക്യത്തെ അഭിമുഖീകരിക്കുമ്പോൾ അവർക്ക് അനേകം പ്രശ്നങ്ങൾ നേരിടേണ്ടിവരുന്നു.തിരക്കുപിടിച്ച ആധുനിക ജീവിതത്തിൽ വൃദ്ധജനങ്ങൾ പലപ്പോഴും അവഗണിക്കപ്പെടുന്നു.മാറിവരുന്ന സാമൂഹ്യപരിതസ്ഥിതിയിൽ വൃദ്ധസദനങ്ങൾ വർധിച്ചു വരികയാണ്.തെരുവിൽ ഉപേക്ഷിക്കപ്പെടുന്ന വൃദ്ധജനങ്ങളും നിരവധിയാണ്.




യുവത്വത്തിന്റെ ആഘോഷമാണ് നാം എവിടെയും കാണുന്നത്.യുവത്വമാണ് ഇവിടെ ആദർശം.അതുകൊണ്ടുതന്നെ വൃദ്ധജനങ്ങളും യുവാവിന്റെ അല്ലെങ്കിൽ യുവതിയുടെ രൂപത്തിൽ പ്രത്യക്ഷ്യപ്പെടാനാണ് ആഗ്രഹിക്കുന്നത്.സമൂഹത്തിന്റെ സ്വീകാര്യതക്ക് വേണ്ടി അവർ പുതിയ വേഷം കെട്ടുന്നു.അവഗണിക്കപ്പെടുന്ന വാർദ്ധക്യം ഒരു യാഥാർത്യമാണ്.വൃദ്ധജനങ്ങളെ പരിപാലിക്കുന്നതിൽ നാം കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടിയിരിക്കുന്നു.അവർ സ്വന്തം ജീവിതം നമുക്കുവേണ്ടി സമർപ്പിച്ചവരാണ്.അവർ ഒരുക്കിതന്ന വഴിയിലൂടെയാണ് നാം മുന്നേറുന്നത് എന്ന സത്യം വിസ്മരിക്കരുത്.വൃദ്ധരെ ശല്ല്യമായി കരുതി വൃദ്ധസദനത്തിലും തെരുവിലും തള്ളുമ്പോൾ നാളെ നമ്മെ കാത്തിരിക്കുന്ന അനുഭവം ഓർക്കുന്നത് നന്ന്.

വൃദ്ധജനങ്ങളെ സംരക്ഷിക്കേണ്ടത് വ്യക്തിയുടെയും സമൂഹത്തിന്റെയും ബാധ്യതയാണ്.അവരുടെ അനുഭവസമ്പത്തും അറിവും പക്വതയും നാം ശരിയായ വിധത്തിൽ പ്രയോജനപ്പെടുത്തണം.അവരുടെ ഏകാന്തതയിൽ ആശ്വാസനവും സാന്ത്വനവും നൽകണം.വൃദ്ധജനങ്ങളെ പരിഗണിക്കുകയും അവരെ നമ്മുടെ ജീവിതത്തോട് ചേർത്തുനിർത്തുകയും വേണം.അവരെ മാറ്റിനിർത്തിയാൽ സമൂഹം അപൂർണ്ണമാകും.ഒഴിവാക്കാൻ പറ്റാത്ത സാഹചര്യങ്ങളിൽ മാത്രമേ വൃദ്ധസദനത്തെക്കുറിച്ചും മറ്റും നാം ചിന്തിക്കാവൂ.വൃദ്ധജനങ്ങൾ നടന്നുതീർത്തത് വരും തലമുറക്കുവേണ്ടിയാണ് എന്ന യാഥാർത്ഥ്യം തിരിച്ചറിഞ്ഞ് നമുക്ക് മുന്നോട്ട് പോകാം.

ഇഹ്സാന
9H

# സമയമായില്ല പോലും


ഒരു പുതിയ പാത
വെട്ടിത്തുറക്കുമ്പോൾ
തടസ്സമാവരുത്
വേരുകൾ പിഴുതുമാറ്റാൻ
സമയമെടുക്കും
അക്ഷമ കാട്ടരുത്
കാലചക്രം ഉരുളുമ്പോൾ
ചരിത്രതാളുകൾ
മറഞ്ഞുപോയേക്കാം
പക്ഷേ സത്യങ്ങൾ മറയരുത്
കണ്ണീരു വീണ, രക്തം പുരണ്ട
ഏടുകളുണ്ടതിൽ
വരണ്ടുണങ്ങരുത്




അന്നത്തെ പോരാട്ടവും
ഇന്നത്തെ വെളിച്ചവുമാണത്
ഊതി കെടുത്തരുത്
ആണ്ടു പോയേക്കാം
ഇന്നിനി തെളിയാത്ത വണ്ണം
ഇരുളിടങ്ങളിലേക്ക്

വത്സലകുമാരി.കെ.എം
ജി.എച്ച്.എസ്.എസ്.കാവനൂർ

# THE EARTH



**I am the river flowing**
I am the desert dry
I am the four winds blowing
I am the sunset sky
I am the forest breathing
I am the ocean wide
I am the storms clouds gathering
I am the mountain high
I am the earth
I am the earth
I am the earth
I am the earth
We are the children growing
you are the place we live
We are the seed you're sowing
We are the life young live
We are the future racing
We will be your voice
We will watch and learn from you
We will make the choice
I am the earth
You're in our hands
I am the earth
We're in your care
I am the earth
To gather we stand
I am the earth
This moment in time we share
We share the future
Stand side by side
One earth one people
We'll tur

Afra Sherin .A.P
9 D

# എന്റെ ഭാഷ

മധുരനമെൻ മലയാളം
മധുരിമ പൂണ്ടു നിൽക്കും മലയാളം
കവിതയൂറും ചുണ്ടുകളിലും
മനസ്സിലൂറും മൊഴികളിലും
നിറഞ്ഞു നിൽപൂ എൻ
മലയാളം




ഹൃദയങ്ങളിൽ പാടാൻ
രാക്കിളിക്കൊഞ്ചലുമായ് വന്ന
കനകാംബരമാം മലയാളം
നീലാഞ്ജനലോലമായ്
മഴവില്ലിൻ മൗനമായിവന്ന
സുന്ദര രീപിയാം മലയാളം

നഫല.ടി പി
9 H



# നീലക്കുറിഞ്ഞി പൂക്കുമ്പോൾ

ഇന്നലെകൾ വിതുമ്പുന്ന രാത്രിയുടെ
തെന്നലിൽ കൊഴിയുന്ന
എൻ പീതപുഷ്പങ്ങൾ
മൊട്ടിൽ നിന്നിറങ്ങുന്ന
നിശാഗന്ധിയും മുല്ലയും
സുഗന്ധം പരത്തിടും




കരിമണിയായി
ശിശിരകാലമാം ചൂടിൽ
വെള്ളമില്ലാതലയുന്ന
എൻ നീലക്കുറിഞ്ഞികൾ
ഇന്നലെകൾ വിതുമ്പുന്ന രാത്രിയിൽ
വരുമോ വസന്തമായ് നീ
ഇളം തെന്നലേ.......


അനഘ.പി
9 F

# കേളുവിന് പറ്റിയ അമളി

കേളു വിശന്നു തളര്ന്നു ''എന്തെങ്കിലും തിന്നണം.''വഴിയരികില് അതാ ഒരു എല്ലിന് കഷ്ണം.അവന് കൊതിയോടെ അതു കടിച്ചെടുത്തു.ഓടിയോടി തോട്ടിന്റെ കരയില് എത്തി.തോട്ടിന് അക്കരെ ഈറ്റക്കാടിന് അപ്പുറത്ത് ആളൊഴിഞ്ഞ ഒരു വീടുണ്ട്.അതിനു പിറകിലാണ് കേളുവിന്റെ വാസം.അവിടെയെത്തിയിട്ടു വേണം സമാധാനത്തോടെ എല്ല് തിന്നാന്.തോട്ടിനു കുറുകെ ഒരു ഒറ്റത്തടിപ്പാലമുണ്ട്,സൂക്ഷിച്ചു നടന്നില്ലെങ്കില് വെള്ളത്തില് വീണതു തന്നെ .



കേളു പാലത്തിലൂടെ സാവധാനം നടന്നു.തോട്ടിലെ വെള്ളത്തില് അതാ മറ്റൊരു നായ ! എല്ലിന് കഷ്ണം തട്ടിയെടുക്കാന് വന്നതാവും.പേടിപ്പിച്ച് ഓടിക്കണം.പിന്നെയൊട്ടും താമസിച്ചില്ല......

''ബൗ....''ബൗ..... നായയെ.... നോക്കി കേളു കുരച്ചു....

പ്ധും എല്ലിന് കഷ്ണം തോട്ടില് വീണു.....

സഫ്വാന നസ്റിൻ.കെ

9 D

# വരുമോ വസന്തമേ വീണ്ടും

വരിനെല്ല് കതിരിട്ട വയലേല ചോദിച്ച
വരുമോ വസന്തമേ വീണ്ടും?

ചുടുക്കണ്ണീർ തുളുമ്പുന്ന
മാമലകളരുളി
ഒരു തുള്ളിനീരു നീ
പൊഴിച്ചിടുമോ?
ആരോ കവർന്നതൻ
നീലിമയെ ചൂണ്ടി
അമ്മതൻ കേഴലു നീ
കേൾപ്പതില്ലേ?
ശവമായി ഒഴുകുന്ന
ജനനിതൻ
കണ്ണീരു നീ കാണ്മതില്ലേ?



കൊക്കര തഴമ്പിച്ച
കൊച്ചുമരക്കൊത്തി
നിലാവിനും
നീലക്കുറിഞ്ഞിതൻ
നാവിനും
നൊമ്പരം
അറിയുമായിരുന്നോ?



അരുളു നീ നഷ്ട സ്വപ്നങ്ങളേ
പറയൂ നീ കലികാലമേ
തിരികെ വരുമോ എൻ ഓർമ്മകൾ?

അനർഘ.കെ.പി
9 F

# വേർപാടിനായി

ഒരുനാളും തീരാത്ത ഓർമ്മകളായി
ചിറകിലേറാൻ കൊതിയായി.
അടുത്തിരുന്നപ്പോൾ നാളെയ്ക്കായ്
കരുതിയ ഒർമ്മകൾ -
തിരികെ തരുവാൻ തിടുക്കമായി.
തോരാത്ത കണ്ണീരാൽ നനഞ്ഞ
കണ്ണുകൾ കാണാൻ
ധൃതിയായി.
കെട്ടഴിച്ചാടുന്ന
നൊമ്പരങ്ങൾ
കൂട്ടിയിണക്കാൻ
സമയമായി.
ഒരു വാക്കുപോലും
ഉരിയാടീടാതെ
അകലേയ്ക്കു പോകാൻ
കൊതിയായി.



ഉള്ളിലെ മിന്നാമിനുങ്ങിൻ തുടിപ്പൊ -
ന്നെരിച്ചു കളയാൻ തിടുക്കമായി.
അകലേയ്ക്കു പായുന്ന നിൻകരങ്ങൾ
കണ്ടൊന്നെരിഞ്ഞടങ്ങാൻ സമയമായി.

നന്ദന സുരേന്ദ്രൻ .എൻ
9 A

# Causes of Natural disasters

There are different types of natural disasters and depending on different types of disasters the causes are also different. For example,The causes of an earthquake cannot be the same as that of forest fire. Natural disasters are caused due to different reasons like soil erosion, seismic activity, tectonic movements, air pressure and ocean currents etc. Natural disasters is not a



new phenomenon, these natural events have occurred since the earth's beginning and continue to cause serious damage and loss of life all over the globe from many years. The root causes of most of the natural disasters that occur on earth can be attributed to the imbalance created in our environment.

This imbalance may either be in the form of air pollution, noise pollution or water pollution and the collective effect of these imbalances are also one of the few reasons for the natural disaster. Though it also a fact that we cannot blame





anyone because this is just one of the few reasons. Natural disasters like earthquakes, floods etc.....Have also occurred in past era when the human was far away from modernization. So it would not be fair enough to blame modernization for the same.

**Shamila .C.K**
9 F

# മാനിയായ മാനിരി

എന്നും അഭിമാനിയായിരുന്ന
നാട്ടിന്റെ നന്മയും ആയിരുന്ന
നല്ലതു ചെയ്തും നന്മ പറയിച്ചും
നേർവഴി നടന്ന സ്നേഹിതൻ



ആകാശത്തിലെ കിരണങ്ങളായി
ഭൂമിയിലെ പുൽമേടുകളായി
നടന്നു ഞങ്ങൾ

സന്തോഷങ്ങൾ പങ്കുവച്ചും
സങ്കടങ്ങൾക്കും കൂട്ടുനിന്ന
എന്റെ സ്നേഹിതൻ

നാട്ടിനും കുടുംബത്തിനും
സഹനം സഹിച്ചവൻ
തൻ ജീവിതം അധ്വാന-
മറ്റ കരങ്ങാക്കി
കാണുന്നവരോടെല്ലാം പുഞ്ചിരിച്ച്
സൗഹൃദത്തിൽ നടന്ന എൻ
സ്നേഹിതൻ
വലിയ വലിയ സ്വപ്നങ്ങളും
ആഗ്രഹങ്ങളും നിറഞ്ഞ ജീവിതം
എല്ലാം തകർത്തെറിഞ്ഞു

ഓർക്കുന്നു ഞാനിന്നു ആ
പുഞ്ചിരി തൂകിയ മുഖം എൻ
കണ്ണീരുവാർന്ന മുഖത്താൽ
ഓർക്കുമ്പോൾ പിടയുന്ന ഹൃദ-
യങ്ങളേ കാണാൻ നീയന്ന്
ഇവിടെയില്ല

നിൻ ഓരത്ത് കരയുന്ന എത്രപേർ

നിൻ വില മനസ്സിലാക്കുന്ന എത്രപേർ......
അചോദ്യമായ ആദരാതിരേകത്തിന്
കാരണമായി നീ ഇന്ന്

ഇന്നു ഞാൻ നിന്നെ കാണുന്ന
ആകാശത്തിലെ മിന്നിത്തിളങ്ങുന്ന
താരങ്ങളായി
വിടർന്നു നിൽക്കുന്ന റോസാപ്പൂക്കളായി
പാറി പറക്കുന്ന ചിത്രശലഭങ്ങളായി
നീ എന്നും എൻ കൂടെയുണ്ട്
എന്ന് ഞാൻ വിശ്വസിക്കുന്നു
സ്നേഹിതാ........

നിൻ ഓർമയിൽ എൻ മനസ്സിൽ
നീ എന്നും ജീവിക്കും.
എങ്കിലും എന്നെ കണ്ണീരിൽ
ആഴ്ത്തുന്നത്
നിൻ വെള്ളയുടുപ്പുകൾ
ഇട്ട മുഖമാണ്

ഞാനൊന്നു ചോദിച്ചോട്ടെ എൻ-
ദൈവമേ.........
വിടർന്നു നിൽക്കുന്ന പൂവിനെ
നീ എന്തിനു പെട്ടെന്ന് ഒടിച്ചു കളഞ്ഞു.
പാറി നടന്ന പൂമ്പാറ്റയുടെ-
ചിറക് നീ എന്തിന് ഒടിച്ചു!!!

മറക്കില്ല ഞാൻ, മറക്കില്ല ഞങ്ങൾ
നിൻ പുഞ്ചിരി തൂകിയ
പൂമുഖം......!!!!!!!

നഹല. കെ
9A

# വേർപാട്



പിരിയാനാണെങ്കിൽ
എന്തിനു സ്നേഹിച്ചു നാം?
നൂലാൽ കോർത്ത മുത്തുകളെപ്പോലെ
തൊട്ടുരുമ്മി നടന്നു നാം.
പിന്നെ മന്ദം മന്ദം വൃക്ഷത്തിൽ  നിന്നും പൊഴിയുന്ന
ഇലകളെ പോലെ
സ്നേഹത്തിന്റെ കരങ്ങളിൽ നിന്നും
അടർന്നു വീണു നാം
കണ്ണീർ പൊഴിക്കുകയാണെൻ ഇരുമിഴികളും
നിന്നെ വേർപിരിയാനാകാതെ.

**ഷഹനാസ്.പി**
9 A

# ഞാനാണ് താരം

സബീന ടീച്ചർ വെള്ളം നിറച്ച ബക്കറ്റ് മേശപ്പുറത്തു വച്ചു.ചുറ്റിലും നിൽക്കുന്ന കുട്ടികൾ എന്തൊക്കെയോ പറയുന്നുണ്ട്.ബക്കറ്റിലെ വെള്ളം കാതോർത്തു.അവരുടെ സംഭാഷണത്തിൽ നിന്ന് ഒരു കാര്യം പിടികിട്ടി.
ഇന്നു ക്ലാസിൽ ഞാനാണ് താരം.
അയ്യോ....ആരാ ബക്കറ്റ് തള്ളുന്നത് ? എനിക്ക് പേടിയായി.ബക്കറ്റെങ്ങാൻ താഴെ വീണാൽ തീർന്നു കാര്യം.
എന്താണിവരുടെ പരിപാടി? ഒരുപിടിയും കിട്ടുന്നില്ലല്ലോ.ഏതായാലും കാത്തിരിക്കുക തന്നെ.




"ബ്ലും" -പെട്ടന്ന് ബക്കറ്റിലേക്ക് ഒരു പന്തു വന്നു വീണു.വീഴട്ടെ....ഈ പന്തിനെയൊക്കെ ഞാൻ എന്തുചെയ്യുമെന്ന് കണ്ടോളൂ...
"നോക്കു കുട്ടികളെ.....ഈ പന്ത് വെള്ളത്തിൽ മുങ്ങുന്നുണ്ടോ ? ഇതുപോലെ എല്ലാ വസ്തുക്കളും വെള്ളത്തിൽ പൊങ്ങി നിൽക്കുമോ ?" ടീച്ചർ ചോദിക്കുന്നതു കേട്ടു.പിന്നെയൊരു ബഹളമായിരുന്നു.
കുട്ടികൾ കൈയ്യിൽ കിട്ടിയതെല്ലാം ബക്കറ്റിൽ ഇട്ടു നോക്കി.പെൻസിൽ,ആണി,ചോക്ക്,റബ്ബർബാൻഡ്,നാണയം അങ്ങനെ പലതും.
ഓ.... ഈ പിള്ളേരുടെ ഒരുകാര്യം, ഇവയെല്ലാം വെള്ളത്തിലിട്ടു നോക്കണോ ? വെള്ളത്തിൽ മുങ്ങുന്നതും പൊങ്ങികിടക്കുന്നതും ഏതൊക്കെയെന്ന് ഇവർക്കറിയില്ലേ ?
"വെള്ളത്തിൽ മുങ്ങുന്നതും പൊങ്ങുന്നതും ഏതൊക്കെയെന്ന്


കണ്ടെത്തിയല്ലോ.ഇനി വെള്ളത്തിന്റെ മറ്റൊരു കഴിവ് കണ്ടോളൂ." ടീച്ചർ ബക്കറ്റിൽ നിന്നു മൂന്നു ഗ്ലാസുകളിൽ എന്നെ കോരിയെടുത്ത് മേശപ്പുറത്തു വച്ചുകൊണ്ട് പറഞ്ഞു.
എന്തിനുള്ള പുറപ്പാടാണാവോ ?
സബീന ടീച്ചർ മൂന്നു കടലാസു പൊതികളെടുത്തു.
"ഇതിലുള്ള ഓരോ വസ്തുവും ഗ്ലാസിലിട്ടു നന്നായി ഇളക്കണം."
കുട്ടികൾ പൊതിയഴിച്ചു.ഗ്ലാസിലൂടെ ഞാൻ ഒറ്റക്കണ്ണിട്ടു നോക്കി. ഒന്നിൽ പഞ്ചസാരയാണ്.
അടുത്ത പൊതിയിൽ എന്താണ് ?
ഓ...അത് ഉപ്പല്ലേ ?
ഇടട്ടെ....ഇടട്ടെ.... ഞാൻ കാണിച്ചു കൊടുക്കാം.മൂന്നാമത്തെ പൊതിയിൽ എന്താണ് ? അത് മണലല്ലേ ? മൺൽ വെള്ളത്തിലിട്ടാൽ എന്തു സംഭവിക്കും ? അവർ തന്നെ കണ്ടെത്തട്ടെ.
"നമ്മൾ ഏതു ഗ്ലാസിലാണ് ഉപ്പിട്ടത് ?കണ്ടുപിടിക്കാമോ ?" ടീച്ചർ ചോദിച്ചു.
"ഞാൻ പറയാം"-മയൂഖ പറഞ്ഞു."ഇത് ഉപ്പ്, ഇത് പഞ്ചസാര.".എത്ര പെട്ടന്നാണവൾ കണ്ടുപിടിച്ചത് ? ഇവൾ മിടുക്കി തന്നെ.
ഇനി ഞാൻ...ഇനി ഞാൻ....കുട്ടികൾ ഓടി മേശയ്ക്കടുത്തെത്തി. തിക്കിത്തിരക്കി.അതിനിടയിൽ ആരുടെയോ കൈ തട്ടി ബക്കറ്റ് മറിഞ്ഞു.ഞാൻ മേശപ്പുറത്ത് ഒഴുകി പരന്നു."ഇത് തുടച്ചെടുക്കണമല്ലോ."ടീച്ചർ പറഞ്ഞു.കുട്ടികൾ കൈയ്യിൽ കിട്ടിയതെല്ലാം എടുത്ത് തന്നെ തുടയ്ക്കാൻ തുടങ്ങി.കടലാസ്,പ്ലാസ്റ്റിക് കവർ,തുണി,സ്പോഞ്ച്.........അവർ തുടയ്ക്കാൻ എടുത്ത സാധനങ്ങളിൽ ചിലതിൽ ഞാൻ ഒളിച്ചിരുന്നു.ചിലതിൽ ഞാൻ കയറിയതേയില്ല.


നിഹ ഇബ്രാഹീം.ട
9H

# Pencil Drawing









# മൂന്നക്ഷരം

മൂന്നക്ഷരത്തിൽ ആണല്ലോ -
നമ്മുടൈതല്ലാം
തുടക്കവും അവസാനവും
മൂന്നക്ഷരത്തിലാണല്ലൊ.....
പ്രസവം എന്ന മൂന്നക്ഷരം
ജനനം എന്ന മൂന്നക്ഷരം
പിന്നെ
സന്തോഷമെന്ന മൂന്നക്ഷരം
ആനന്ദം എന്ന മൂന്നക്ഷരം
അതിനു പിറകെ
സങ്കടം എന്ന മൂന്നക്ഷരം
വിഷമം എന്ന മൂന്നക്ഷരം
അതിനു കൂടെ
വികാരം എന്ന മൂന്നക്ഷരം
സ്വപ്നം എന്ന മൂന്നക്ഷരം
അതിനു കാരണമാകുന്ന
സ്നേഹം എന്ന മൂന്നക്ഷരം
പ്രണയം എന്ന മൂന്നക്ഷരം
വിരഹം എന്ന മൂന്നക്ഷരം
അതിനു പിന്നിലും -
വന്നത് മൂന്നക്ഷരം ത



ന്നെയാണല്ലോ.....
ഭജനം എന്ന മൂന്നക്ഷരം
അല്ലെങ്കിൽ വിശ്വാസം എന്ന മൂന്നക്ഷരം
അതിനുമേലെയാണ് പ്രിയപ്പെട്ടവരുടെ -
വിരാമം എന്ന മൂന്നക്ഷരം
സന്തോഷത്തിനും സ്നേഹത്തിനും -

കാരണമാവുന്ന സൗഹൃദം
എന്ന വലിയ മൂന്നക്ഷരം.
അതിനുള്ളിലെ പുഞ്ചിരി എന്ന
മൂന്നക്ഷരം
പിണക്കം എന്ന മൂന്നക്ഷരം
വെളുപ്പ് കറുപ്പ് എന്ന
മൂന്നക്ഷരം അതിനുമേൽ
നിൽക്കുന്നതും സൗന്ദര്യം
എന്ന മൂന്നക്ഷരം.
ഇതിനിടയിൽ കടന്ന് വരുന്ന
കല്യാണം എന്ന മൂന്നക്ഷരം
ദാമ്പത്യം എന്ന മൂന്നക്ഷരം
മക്കൾ എന്ന മൂന്നക്ഷരം
അങ്ങനെ ജീവിതം എന്ന -
ഈ നീണ്ട മൂന്നക്ഷരത്തിനടയിൽ
കടന്നു വരുന്ന മരണം എന്ന
മൂന്നക്ഷരം.
പിന്നീട് മയ്യത്ത് എന്ന
മൂന്നക്ഷരം



ശേഷം നാം ഖബർ എന്ന
മൂന്നക്ഷരത്തിനുള്ളിൽ
മൂന്നക്ഷരമാണല്ലോ നമ്മുടെതെല്ലാം.

നഹല .കെ
9 A

# മുഖമെവിടെ ?

വാലിട്ട് കണ്ണെഴുതി കളഭക്കുറി ചാർത്തി -
പുഞ്ചിരിച്ചുണ്ടിൽ നിറച്ച് തുമ്പപ്പൂവിന് -
ശോഭ ചൊരിഞ്ഞ മുഖമെവിടെ ?....
ഈ രാവിൽ...ഈ രാത്രിയിൽ....
സന്ധ്യാ...മധ്യാഹ്നങ്ങളിൽ....
പരതാനിനിയും വഴിതാരകളുണ്ടോ...?
ആ മുഖമിന്നെവിടെ...
അന്ധകാരത്തിന്റെ
കറുത്ത കൈകളിൽ അത്
വീണടഞ്ഞോ...
അതേ ! അത്ഭുതത്തിന്റെ ചടുല
കൈയിൽ.
ഞെരിഞ്ഞമർന്നോ..അജ്ഞാതമായ -
ആ വഴികൾ അടഞ്ഞതെന്തേ?
നന്മയും തിന്മയും മത്സരിച്ചോട്ടവിൽ -
പണയം വെച്ചതാണോ ഈ മുഖത്തെ ?
നിഷ്കളങ്കതയിൽ നിന്ന് വ്യതിചലിച്ചതിന്
ഭീംഭത്സമോ.. അതേ ! രൗദ്രമോ കൈ -
വന്നണഞ്ഞത്....
അതാ.. ആ കഴുത്തിന് മുകളിൽ



നിർവൃചിക്കാൻ കഴിയാത്ത ഭാവിയുമായി...
നീർ ചൊരിയുന്ന നയനങ്ങളുമായ്...
നിരന്തരം....നിഗൂഢതകൾ തേടുന്ന ആ -
മുഖം സ്പഷ്ടമാവുന്നു.

ശീതൾ.എം
9 A

# For an healthy future

The average lifespan of a human being is 70 to 80 years. But today most of the people are losing their life due to various kinds of diseases. Majority of people have been suffering from life style diseases like cancer, diabetes, heart problems etc. This is mainly due to unhealthy food habits, life style and lack of exercises. We need to choose a life style and diet which make our life free from diseases and tensions.




Balanced diet and regular exercises play a very important role in making one's own life perfect.
Balanced diet is a diet which includes all the essential nutrients like vitamins, minerals,water and roughage in the right proportion. Maintaining a balanced diet help us to lead a healthy life which will be freed from various kinds of deficiency diseases. Regular exercises help us to gain physical, mental and social well-being. Physical activities provide a strong physique, immunity and stamina. It also plays a very important role in sustaining mental and social health. By doing exercises, we can acquire concentration, flexibility, mental happiness, relaxed mind and good habits. We can attain social understanding,social relationships,social interaction and certain qualities like co-operation,co-existence,tolerance,equality and companionship through physical activities.

Hygiene also leads us to a healthy life. Self hygiene and social hygiene prevents most of the communicable diseases. So for a healthy future, we can follow the right way of living by adopting healthy measures. Health is the real wealth, not the pieces of gold and silver.

Surya Gayathry.P
9A

# മരണാന്തരം ഞാൻ നിങ്ങളെ കാണുമ്പോൾ

ഞാൻ നിശബ്ദനായിരുന്നു
നിങ്ങൾ
നിലവിളികൾ കൊണ്ടെന്നെ
പൊതിഞ്ഞു.
നിങ്ങൾക്കിടയിലുണ്ടായിരുന്നു
ഞാൻ
അരുതെന്നെത്ര പറഞ്ഞിട്ടും
അറിഞ്ഞതേയില്ലല്ലോ.



മരിച്ചുപോയെന്നാണ്
പറഞ്ഞുകരയുന്നതവൾ,
അകലെന്നെത്രവട്ടം
ഞാനവളെ തൊട്ടു.
എന്റെ ശബ്ദമുറക്കെയായിട്ടും
കേൾക്കാതെ പോകുന്നു........

എനിക്ക് നിങ്ങളെ കാണാനാവും
തൊടാനും
നിങ്ങളാരും എന്നെ
തൊടാത്തതെന്താണ്.
എന്തിനാണെന്നെ
വെള്ളയുടുപ്പുകൾ ഇടുവിക്കുന്നത്.
എനിക്കാനിറമല്ലല്ലോ
ഒട്ടുമിഷ്ടം.
പിന്നെയുമെന്തിനാ........

കൂടെ വരുന്നുണ്ടല്ലോ
പലയോർമകൾ
പല പല ഗന്ധങ്ങൾ

നിറങ്ങൾ
സ്വരങ്ങൾ


എന്നിട്ടുമെന്താണ്
നിങ്ങളറിയാത്തതെന്ന്
ഒച്ച കനപ്പിക്കുന്നു
വെറുതേയപ്പോഴും ഞാൻ!
ദാ.. നാമൊറ്റക്കിരുന്ന
പാടം നിറയെ
വയലറ്റ് നിറമുള്ള
കുഞ്ഞുങ്ങൾ
പ്രാർത്ഥന ചൊല്ലുന്നു.
അതിനിടയിൽ എന്തിനാണ് നീ
കണ്ണുപൊത്തി നിൽക്കുന്നത്.
എല്ലാ പൂക്കളും
എന്റെ മേലാണല്ലോ
വീഴുന്നത്.
പല മണങ്ങൾക്കിടയിൽ
നിന്റെ മണം ഞാൻ
കൂടെ കൂട്ടുന്നു.....



നിലവിളികൾക്കുമേൽ
നിശബ്ദനാണല്ലോ
ഞാനപ്പോഴും.

നഹല .കെ
9 A

# മഴനൂലുകൾ



മഴ പെയ്തു കഴിഞ്ഞാണ്
മരം പെയ്യാൻ തുടങ്ങുന്നത്
മഴയിൽ കുതിർന്നവരുടെയും
വീണവരുടെയും
കഥകളും കണ്ണീരും
ഒലിച്ചിറങ്ങുന്നത്,അലിഞ്ഞിറങ്ങുന്നത്
മരം പെയ്യലിലാണ്.

മഴ <u>ഒഴുക്കി</u>കൊണ്ടുപോയ കുഞ്ഞാടിന്റെ
കണ്ണീരുപ്പ് കലർന്നത്,
മഴയുടെ സൗന്ദര്യം പിടിക്കാൻ
വീട്ടുകാർ തനിയെ വിട്ടിട്ടുപോയ
മുത്തശ്ശിയുടെ ആധിയുടെ ,കിതപ്പിന്റെ
നിറം പരന്നത് ,
മുറ്റത്തെ കല്ലിനെ മറച്ച്
മണ്ണിനെ മറച്ച്
മഴ പുഴയായൊഴുകിയപ്പോൾ
വീടിന്റെ മുകളിൽ
രാവിന്റെയും പകലിന്റെയും
നീളമളന്ന
കുഞ്ഞാവയുടെ വിശപ്പിന്റെ
സ്വാദ് അലിഞ്ഞത്
ഇങ്ങനെയങ്ങനെ പല മഴനൂലുകൾ കൊണ്ടാണ്
മഴ കവിതകൾ തുന്നുന്നത്..

ഫാരിത.സി

9 F

# SUMMARY

## THE RACE – NISHA PUNJABI

'The Race' is an excellent story written by Nisha Punjabi. Tarun Kapoor, a 12 year old boy, and RamNarayan, a great athlete are the major characters of the story. The Race narrates the story of Tarun, who wishes to become an excellent runner. Tarun his not such good in his studies, but keeps an average position in his class. He is blessed with the strength of great athlete. He runs fastly and wishes to become an excellent runner. But his way is full of obstacles. His family hates his passion and tell him to concentrate more on his studies. Moreover, to achieves his dream he needs an intensive training. But the money needed for the training is well-beyond his family's reach.



Tarun fails in his examinations and become upset. He runs for an hour and sits on a bench, releasing all his pent-up emotions and tensions. Here comes RamNarayan a great athlete, he consoles and encourages Tarun. He understands all about Tarun's life and goal. He says Tarun that he will offer him training, if Tarun will win a running race, which will be conducted as a part of 14 children's day. Tarun agrees this and gets ready for the race. The day of the race arrives


Tarun falls on the ground while running in the race, but he never gives up. He falls three times but never stops and finishes the race, but lose. But being a good personality RamNarayan sees his never giving up mind and becomes happy. He encourages him and decides to offer training. The story ends with a message that life is a race,but we don't need to complete with each other. The one who has the state of mind to accept all his difficulties and failures, and runs again will be the winner. The story celebrates the fact that hard work and dedication will bring success in life.

Surya Gayathry, P

9A

# പനിനീർ പൂവിൻെറ കൂട്ടുകാരൻ

കനിവു നിറഞ്ഞ മനസ്സുണ്ടേ,
പനിനീർ പൂവിൻ ചിരിയുണ്ടേ,
ശാന്തത വിടരും മിഴിയുണ്ടേ,
ശാന്തി പരത്തും മൊഴിയുണ്ടേ,



ഇതാണ് നമ്മുടെ ചാച്ചാജി

വിനയ സ്വരൂപൻ ചാച്ചാജി

നമ്മെ നയിച്ചൊരു ചാച്ചാജി

നമ്മുടെ തോഴൻ ചാച്ചാജി

തലയ്ക്കുമീതെയിരിപ്പുണ്ട്
ചേലേരുന്നൊരു വെൺ
തൊപ്പി

മനസ്സിനുള്ളിലിരിപ്പുണ്ട്
സ്നേഹത്തിൻെറ മണിച്ചെപ്പ്

അഫ്ര ഷെറിൻ.A.P
9.D

# നിറവേളകൾ



ഓർമ്മതൻ സ്വർണ്ണ
ചെപ്പുപോൽ
ഓടിവരും കളി
ഓർമ്മപോൽ
ബാല്യമെന്ന ആ സുന്ദര
യാമം......
മാനത്തു കാണും
അമ്പിളിമാമനെ
പിടിക്കുവാൻ
മോഹിക്കുന്ന ബാല്യകാലം
എത്താത്തിടത്തും കൊമ്പത്തുകേറി
എത്തിക്കും ബാല്യമെന്നാകാലമെന്നും
മുള്ളിനേം കല്ലിനേം പേടിയില്ല
ആരുവന്നാകിലും നാണിക്കയില്ല
എന്തിനും ഏതിനും ഉല്ലാസമെപ്പോഴും
ആ കാലമെത്രയോ സുന്ദരമാണെന്നും
സ്വർഗത്തിലെന്നപോൽ സന്തോഷമാണെന്നും
ആരും കൊതിച്ചിട്ടും ഒന്നുകൂടെയെത്തിടാൻ
ബാല്യമെന്നോ തുണ
ആ നിറവേളയിൽ...........

ഫിദ .കെ
9.A

# മടിയനായ മുയൽ



അടച്ചിട്ട മരക്കൂട്ടിനുള്ളിൽ കിടന്നുള്ള ജീവിതം മുയലിന് മടുത്തുതുടങ്ങിയിരുന്നു.ഒരു ദിവസം യജമാനൻ കാണാതെ മുയൽ സൂത്രത്തിൽ വാതിൽ തുറന്ന് പുറത്തു കടന്നു.എന്നിട്ട് കാട് ലക്ഷ്യമാക്കി ഓടി.വഴിയിൽവെച്ച് ഒരു കാട്ടുപൂച്ചയെ കണ്ടുമുട്ടി.

ചങ്ങാതി,എവിടേക്കാ ഇത്ര ധൃതിയിൽ.കാട്ടുപൂച്ച ചോദിച്ചു.നാട്ടിലുള്ള ജീവിതം മടുത്തു.മനുഷ്യൻ എപ്പോഴാണ് എന്നെ പിടിച്ച് കറിവെക്കുക എന്നറിയില്ല. മുയൽ പറഞ്ഞു.ശരിയാ,നീ എന്റെ കൂടെ പോരൂ . നിനക്ക് എന്റെ കൂടെ താമസിക്കാം......

മലക്കാടിനടുത്തുള്ള പാറയിടുക്കിലേക്ക് കാട്ടുപൂച്ച മുയലിനെ ക്ഷണിച്ചു.ദാ എത്തിപ്പോയി.ഇവിടെ ഞാനും എന്റെ ഭാര്യയും മാത്രമാണ് താമസം.നിനക്ക് ഇവിടെ സുഖമായി കഴിയാം.അപ്പുറത്തുള്ള പുൽമേട്ടിൽ നിന്ന് നിനക്ക് ക്യാരറ്റ് പറിച്ച് തിന്നാം.

മുയലിന് സന്തോഷമായി.അങ്ങനെ മുയൽ കാട്ടുപൂച്ചയോടൊപ്പം താമസമാക്കി.എന്നും നേരംപാതിരയാകുമ്പോൾ കാട്ടുപൂച്ച ഇരതേടിയിറങ്ങും.മുയൽ വിശന്നുവലഞ്ഞ് ഉറക്കംവരാതെ മടി പിടിച്ച് കിടക്കുന്നുണ്ടാകും.

അപ്പോൾ കാട്ടുപൂച്ച മുയലിനോട് പറയും നീ ഇങ്ങനെ കിടന്നാൽ പട്ടിണി കിടന്ന് മരിക്കും.ഇതാ, നോക്ക്, ഞാൻ നിനക്ക് വേണ്ടി പറിച്ചതാണ് ഈ ക്യാരറ്റ്.ഇത് കഴിക്കൂ...

മുയൽ സന്തോഷത്തോടെ ക്യാരറ്റ് വാങ്ങി. കറുമുറെ തിന്നു...

പിന്നീട് എല്ലാ ദിവസവും മുയൽ മടി അഭിനയിച്ച് കിടക്കാൻ തുടങ്ങി.

ഒരു ദിവസം കാട്ടുപൂച്ച ഭാര്യയോട് പറഞ്ഞു.ഇവൻ മടിയനാണ്.എല്ലാ സ്വാതന്ത്ര്യവും ലഭിച്ചിട്ടും സ്വഭാവത്തിൽ ഒരു മാറ്റവുമില്ല.എത്രകാലം ഇവനെ ഇങ്ങനെ തീറ്റിപ്പോറ്റും.ഇവനെ നമുക്ക് ഇന്ന് രാത്രി ശാപ്പിടാം......

ഞാനിത് അങ്ങോട്ട് പറയാനിരിക്കുകയായിരുന്നു.കാട്ടുപൂച്ചയുടെ ഭാര്യ സന്തോഷത്തോടെ പറഞ്ഞു.

അന്ന് രാത്രി മുയൽ കാട്ടുപൂച്ചയോട് പറഞ്ഞു.ഹും, എനിക്ക് ക്യാരറ്റും മുന്തിയ പുല്ലും കൊണ്ടുതരണം.

ഇതു കേട്ട് കാട്ടുപൂച്ച കലുഷിതമായി ചിരിച്ചു

നീ ജീവിക്കാൻ അർഹനല്ല.......

ഈ സമയം കാട്ടുപൂച്ചയുടെ ഭാര്യ പിറകിലൂടെ വന്ന് മുയലിന്റെ കഴുത്തിൽ കൂർത്ത പല്ലുകൾ അമർത്തി.

തന്റെ സ്വഭാവമാണ് തനിക്ക് ഈ ഗതി വരുത്തിയതെന്ന് മുയൽ വേദനയോടെ ഓർത്തുപോയി.മടിയൻ മുയലിനെ രണ്ട് കാട്ടുപൂച്ചകളും കൂടി വേഗത്തിൽ ശാപ്പിട്ടു കൈ നക്കിത്തുടച്ച് സുഖമായി കിടന്നുറങ്ങി.

നഫല പി.ടി
**9 H**

# TRAVEL AND TOURISM

Tourism is one of the growing fields of development in India. Tourism promotion doesn't meant just welcoming the people who come for sight-seeing alone .Socially and culturally tourism promotion will help a lot to bring a broad minded attitude among our people .



Benefits of tourism are many. It improves social,cultural economic and even the philosophical attitude of people .It opens up a wide area of job opportunity. There were people come to our area with antisocial attitude .They may bring drugs and infectious diseases with them. Many of them may have loose moral attitude and it can destroy our spiritual vision.

Shahanas.P
9A

# ജീവിത നാളം


ഒരു കൊച്ചു മെഴുകിൽ
തിരിന്നാള മെന്നപ്പോൽ
ആടി ഉലയും നിൻ-
ജീവിത തിരി നാളം.
ചില ചില യാമങ്ങൾ
താഴേക്കിറങ്ങിടും.
നേരെ നില്ക്കുമ്പോൽ,
അട്ടഹസിച്ചെന്നാൽ......
തെന്നിക്കളിക്കും, നിൻ-
ജീവിത നാളം.



ഉരുകീ....യുരുകി
തീരുന്ന ആയുസ്
എത്തിടും മരണമെന്നാ.......
ആ ഗാഢ നിദ്രയിൽ.

ഫിദ. കെ
9A

# എന്റെ വിദ്യാലയം



കളിച്ചും ചിരിച്ചും കഥ പറഞ്ഞും
ഇണങ്ങിയും പിണങ്ങിയും കഴിഞ്ഞ
എന്റെ വിദ്യാലയം.
സന്തോഷവും സങ്കടവും പങ്കുവെച്ച
എന്റെ വിദ്യാലയം.
എന്റെ ചുറ്റുമുള്ള ലോകം അറിയാനും,
അനുഭവിക്കാനും എന്നെ പഠിപ്പിച്ച -
തെന്റെ വിദ്യാലയം.
ഭാവനയുടെ ചിറകിലേറിപ്പറക്കാൻ,
ചിന്തകൾക്ക് രൂപം നൽകാൻ,
സ്നേഹം പകരാൻ,
കൂട്ടുകൂടാൻ എന്നെ പഠിപ്പിച്ച-
തെന്റെ വിദ്യാലയം.




നന്ദന സുരേന്ദ്രൻ . എൻ
9A

# Women Empowerment

Women empowerment can be defined in very simple words that it is making women powerful so that they can take their own decisions regarding their lives and well being in the family and society. It is empowering women to make them able to get their real rights in the society.



As we all know that India is a male dominated country where males are dominated in every area and females are forced to be responsible for only family care and live in the home including other many restrictions. Almost 50% of the population in India is covered by the female only so
the full development of the country depends on the half population means women, who are not empowered and still restricted by many social taboos.
In such condition, we cannot say that our country would be developed in the future without empowering its half population mean women. If we want to make our country a developed country , first of all it is very necessary to empower women by efforts of men, government, laws and women. Then, what is women empowerment?...... women empowerment is to empower women by promoting their participation in all areas and sectors to build stronger economies, improve their quality of life and bring gender equality.

Women are being suppressed by their family members and society for many reasons .They have been targeted for many types of violence and discriminatory practices by the male members in the family and society in India and other countries as well .There is a tradition of worshipping many female goddesses in India including giving honour to the women forms in the society like ,other sister,daughter wife and other female relatives or friends .But it does not mean that only respecting or honouring women can fulfil the need of development in the country .It needs the empowerment of the rest half population of country in every walk of life .

India is a famous country proving the common proverb like 'unity is diversity' where people of many religious beliefs are in the Indian society .women have been given a special place in every religion which is working as a big curtain covering the eyes of people and help in the continuation of many ill practices against women as a norm since ages. In the ancient Indian society, there was a custom of sati, pratha, nagar vadhu system, dowry system

, sexual violence , domestic violence , female infaticide, wife burning, sexual harassment at work place, child marriage , child labour, etc.. including other discriminatory practices . All such type of ill practices of male superiority complex and patriarchal system of the society . Socio-political rights for the women were completely restricted by the male members of family . Some of the ill practices against women have been eliminated by the open minded and great Indian people who raise their voices for the discriminatory practices against women . Through the continuous efforts of Raja Ram Mohan Roy , Britishers were forced to eliminate the ill practice of sati paratha . In India,



the widow remarriage Act, 1856 was initiated by the continuous efforts of Ishwar Chandra .

In the recent years various constitutional and legal rights have been implemented by the government of India in order to eliminate ill practices and gender discrimination against women . Modern society is being more aware about the women rights which results in the increasing number of several self-help groups , NGO5, etc. working in this direction .

Some of the acts passed by the parliament are Equal Remuneration Act-1976, Dowry Prohibition Act- 1961, Immoral Traffic (Prevention) Act- 1956, Prohibition of Child Marriage Act- 2006, Medical Termination of Pregnancy Act- 1971, Maternity Benefit Act- 1961, Sexual Harassment Women at work place (Prevention, Protection) Act- 2013 etc. in order to empower women with legal right .

In order to provide safety to women and reduce crime against women in India , Government has passed another act Juvenile Justice (care and protection of children).

In order to bring women empowerment in Indian society , it needs to understand and eliminate the main cause of the ill practice against women which are patriarchal and male dominated system of the society . It needs to be open -minded and change the old mannerisms against women together with the constitutional and other legal provisions.

Fidha .k
9.A

# നൂറ്റാണ്ടുകൾക്കപ്പുറം

അമ്മയുടെ വീട് ഭൂമിയിൽ, അച്ഛന്റേത് ചൊവ്വയിൽ,
ഞാൻ ചന്ദ്രനിൽ.
അമ്മ വീട്ടിൽ നിന്നിടക്കിടെ
വിളിച്ച്,
ഡിസ്റ്റർബ് ചെയ്യും " വരാറായില്ലെ
?"
ശ്വസിച്ച ഓക്സിജൻ ബിൽ
എത്രയെന്നുവച്ചാ....
പുറത്തുവിട്ട കാർബൺഡൈ
ഓക്സൈഡ്
അതിനും മീതെ....
പണം തികയില്ല !
വംശനാശം സംഭവിച്ച




കാക്കയുടെ പിക്ചർ,
മമ്മിയ്ക്കു കിട്ടുമോ എന്തോ ?
കാക്ക കറുപ്പാണെന്ന് അമ്മ പറഞ്ഞിട്ടുണ്ട്.

**സ്വാഹിബ.കെ**
10 A

# എന്റെ നാട്

കേരം തിങ്ങും കേരളമേ
തിരകൾ തഴുകും കേരളമേ
മലയും വയലും പുൽമേടും
തിങ്ങിനിറഞ്ഞൊരു കേരളമേ
പച്ചപ്പെങ്ങും നിറയും നാടേ
മനം മയക്കും കേരളനാടേ




തോടും പുഴയും നിറയും നാടേ
കേരളമെന്നുടെ സ്വന്തം നാടേ
പ്രകൃതിയൊരുക്കും സുന്ദര നാടേ
ദൈവത്തിൻെ്റ സ്വന്തം നാടേ
ഒന്നിച്ചൊന്നായ് നാമെല്ലാം
സ്നേഹത്തോടെ കഴിയും നാടേ

നഫ്ല.ടി പി
9 H

# ചേച്ചിയും അനിയനും

ഒരിടത്ത് ഒരു ചേച്ചിയും അനിയനുമുണ്ടായിരുന്നു. ചെറിയകുട്ടിയായിരുന്ന അനിയൻ ചേച്ചിയുടെ ഭൂപടം എടുത്ത് കളിച്ചുകൊണ്ടിരുന്നു.അത് കൊണ്ടുവെയ്ക്കാൻ പല പ്രാവശ്യം ചേച്ചി ആവശ്യപ്പെട്ടിട്ടും അനിയൻ അനുസരിച്ചില്ല.അങ്ങനെ കളിച്ചുകൊണ്ടിരിക്കെ ആ ഭൂപടം രണ്ടായി കീറിപ്പോയി. ഇതു കണ്ട ചേച്ചിക്ക് വല്ലാതെ ദേഷ്യം വന്നു.ചേച്ചി ആ ഭൂപടം വാങ്ങി കുറെ കഷ്ണങ്ങളായി



കീറിക്കളഞ്ഞു.അൽപം കഴിഞ്ഞ് കോപമൊക്കെ അടങ്ങിയപ്പോൾ ചേച്ചി അവിടെയവിടെയായി ചിതറി കിടന്ന ആ ഭൂപടത്തിന്റെ കഷ്ണങ്ങൾ പെറുക്കിയെടുത്ത് ശരിയായി ചേർത്ത് വെയ്ക്കാൻ ശ്രമിച്ചു.പക്ഷേ വലിയ ഭൂപടമായതിനാൽ ചേച്ചി എത്ര ശ്രമിച്ചിട്ടും ഭൂപടം ശരിയായി വെയ്ക്കാൻ കഴിഞ്ഞില്ല.

ചേച്ചി വീണ്ടും ദേഷ്യപ്പെട്ട് വീട്ടിന്നിറങ്ങിപ്പോയി.അൽപ സമയം കഴിഞ്ഞ് വീണ്ടും വന്നു നോക്കിയപ്പോൾ കണ്ടത് ചെറിയ കുട്ടിയായ അനിയൻ ആ കഷ്ണങ്ങളെല്ലാം ചേർത്തുവച്ച് ആ രൂപം ശരിയാക്കിയിരിക്കുന്നതാണ് ചേച്ചി അത്ഭുതത്തോടും അഭിമാനത്തോടും കൂടി അനിയനെ അഭിനന്ദിച്ചു.എങ്ങനെ നീ ഇത് സാധിച്ചു എന്ന് അന്വേഷിച്ചു.അപ്പോൾ അനിയൻ പറഞ്ഞു "അത് വലിയ കാര്യമൊന്നുമല്ല ചേച്ചി.ആ ഭൂപടത്തിന്റെ മറുപറത്ത് ഒരു മനുഷ്യന്റെ ചിത്രം ഉണ്ടായിരുന്നു.ഞാൻ അത് ശരിയാക്കിയപ്പോൾ ഭൂപടം തനിയെ ശരിയായി."നാം ലോകം ശരിയാക്കാൻ ശ്രമിച്ച്, പരാജയപ്പെടുന്നു. മനുഷ്യൻ ശരിയായാൽ മതി ലോകം തനിയെ ശരിയായിക്കൊള്ളും എന്നോർക്കുക.

റിൻഷിന .കെ

9 D

# ബീച്ച് ഭീക്ഷണിയോ ?

കേരളത്തിൽ വലുപ്പത്തിൽ നാലാം സ്ഥാനത്തുള്ള ചാലിയാർ പുഴ ഒഴുകുന്ന അരീക്കോട് ഭാഗത്ത് പ്രളയാനന്തരം ഒരു പുതിയ ബീച്ച് രൂപം കൊണ്ടു.

പശ്ചിമഘട്ട മലനിരകളുടെ തുടർ ഭാഗമായ നിലമ്പൂർ മലകളിൽ നിന്നുളത്ഭവിക്കുന്ന ചാലിയാർ വേനൽക്കാലത്തുപോലും വറ്റാറില്ല.എന്നാൽ ചാലിയാർ ശോഷിച്ചുകൊണ്ടിരിക്കുന്നു.രൂപം കൊണ്ട ബീച്ചും ഇതിനൊരു കാരണമാകുന്നു.പശ്ചിമഘട്ട മലനിരകളിലെ ശിലകളാണ് പൊടിഞ്ഞ് നിക്ഷേപിക്കപ്പെട്ട് ബീച്ചായി



മാറിയത്.പശ്ചിമഘട്ടത്തിന്റെ നാശത്തിന്റെ ആരംഭമാണിത്.ഇന്ന് പശ്ചിമഘട്ട മലനിരകളിൽ നടക്കുന്ന അനധികൃത കൈയേറ്റങ്ങൾക്കെതിരെ മാധവ് ഗാർഗിൽ കമ്മീഷൻ പോലുള്ള പലതും ഉടലെടുത്തുവെങ്കിലും പ്രശ്നം ഇന്നും തീരുന്നില്ല.ജൈവവൈവിധ്യങ്ങൾ നിറഞ്ഞ പശ്ചിമഘട്ടം കേരളത്തിന്റെ കാലാവസ്ഥയിൽ പോലും വളരെ സ്വാധീനം ചെലുത്തുന്നുണ്ട്.ഈ കാരണത്താൽ ടൂറിസത്തിന് പ്രാധാന്യം ലഭിക്കുന്ന ബീച്ച് മനുഷ്യരെന്ന നിലയിൽ നമ്മുടെ ഭാവിക്ക് ഇത്തരം മണൽതിട്ടകളുടെ രൂപീകരണം തിരിച്ചടിയും ഭീക്ഷണിയുമാണ്.

ശാസ്ത്രീയ കൃഷിരീതിളും വികസന മാതൃകകളും വികസിപ്പിച്ച് പശ്ചിമഘട്ടത്തെ സംരക്ഷിക്കണം.മഴയ്ക്കു കാരണമായ പശ്ചിമഘട്ട മലനിര നശിച്ചാൽ മഴയില്ലാത്ത കേരളത്തിൽ വെറും മണൽതിട്ടകൾ മാത്രം ബാക്കിയാവുന്നത് വഴിയെ കാണേണ്ടിവരും.

ജിഹാന.കെ
9 D

# പൊതുവിജ്ഞാനം




- *തെക്കേ അമേരിക്കയുടെ ഹൃദയം എന്ന് വിശേഷിപ്പിക്കപ്പെടുന്ന രാജ്യം ?*
  *പാരാഗ്വയ്*
- *താൻസിയൻ ഗാന്ധി ആരാണ്?*
  *ജൂലിയസ് നെരേര*
- *എട്ടാമത്തെ ഭൂഖണ്ഡം എന്നറിയപ്പെടുന്ന രാജ്യം ?*
  *മലാഗാസി*
- *സിസ്മോഗ്രാഫ് കണ്ടുപിടിച്ചത് ആര്?*
  *ജോൺ മിൽനി*
- *ഹസാരിബാഗ് നാഷ്ണൽ പാർക്ക് ഏത് സംസ്ഥാനത്താണ്?*
  *ജാർഖണ്ഡ്*
- *നക്ഷത്രങ്ങളുടെ നിറം എന്തിനെ സൂചിപ്പിക്കുന്നു ?*
  *ഊഷ്മാവിനെ*
- *ആഫ്രിക്കയുടെ ഹൃദയം എന്നറിയപ്പെടുന്ന രാജ്യം ?*
  *ബുറുണ്ടി*
- *വെളുത്ത റഷ്യ എന്നറിയപ്പെടുന്ന രാജ്യം ?*
  *ബലാറസ്*
- *മനുഷ്യനെ ആദ്യമായി ബഹിരാകാശത്തെത്തിച്ച വാഹനം ഏതാണ് ?*
  *വോസ്റ്റോക്- 1*
- *രാജ്യത്തിന്റെ ജീവനാഡി എന്ന് മുഖവാക്യമുള്ള ഇന്ത്യൻ സ്ഥാപനം ?*
  *ഇന്ത്യൻ റെയിൽവേ*
- *ഇലക്ട്രോനെഗറ്റിവിറ്റി ഏറ്റവും കൂടിയ മൂലകം ?*
  *ഫ്ളൂറിൻ*
- *സുവർണകമ്പിളികളുടെ നാട് എന്നറിയപ്പെടുന്ന രാജ്യം ?*
  *ഓസ്ട്രേലിയ*

***ഷാമില .C.K***
***9.F***

# കേരളത്തിന്റെ രാജവീഥിയിലൂടെ.........

പരീക്ഷകളെല്ലാം കഴിഞ്ഞ് രണ്ടുമാസം സ്കൂൾ അവധി തുടങ്ങിയതോടെ ഫാമിലിയിലെ ഞാനടക്കമുള്ള എല്ലാ കുട്ടികളും,എങ്ങോട്ടെങ്കിലും ടൂറ് പോകണം എന്ന് പറഞ്ഞ് മുതിർന്നവരോട് വാശി പിടിക്കാൻ തുടങ്ങി.
ഞങ്ങൾക്ക് അനുകൂലമായി അക്കാലത്താണ് യാത്രാപ്രിയനായ കസിൻ വിദേശത്തു നിന്നും ചെറിയ അവധിക്ക് വന്നത്,കൂടാതെ മറ്റൊരു യാത്രാപ്രിയനായ അങ്കിളിനും അവധി കിട്ടുകയും ചെയ്തു.അവരോട് പറയേണ്ട താമസം ടൂറ് ഉറപ്പായി.പക്ഷേ എത്ര ദിവസത്തിന് ? എങ്ങോട്ട് എന്നൊന്നും അപ്പോഴും തീരുമാനമായില്ല.'യാത്രാപ്രിയന്മാർക്ക്' വളരെ ചെറിയ അവധി മാത്രമായതിനാൽ മൂന്ന ദിവസത്തെ യാത്രയേ പറ്റൂ എന്നായി.മറ്റു വഴികളൊന്നും ഇല്ലാഞ്ഞതിനാൽ ഞങ്ങളും അംഗീകരിച്ചു.ഒടുവിൽ മുതിർന്നവർ തന്നെ സ്ഥലവും തീരുമാനിച്ചു ; തിരുവനന്തപുരം.ഞങ്ങളും തന്നെ സന്തോഷത്തോടെ അംഗീകരിച്ചു. അന്ന് ഏപ്രിൽ -5 ആയിരുന്നു.'യാത്രാപ്രിയന്മാർ' ക്ക് മടങ്ങേണ്ട ദിവസം ഏപ്രിൽ -9-ഉം.അങ്കിളിന് റെയിൽവേ അധികൃതർക്കിടയിൽ നല്ല സ്വാധീനമുള്ളതിനാൽ



ടിക്കറ്റുകൾ പിറ്റേ ദിവസത്തിന് തന്നെ കിട്ടി.അദ്ദേഹത്തിന്റെ സ്വാധീനം കൊണ്ടുതന്നെ തിരുവനന്തപുരത്ത് ഞങ്ങൾക്ക് ഒരു ഹോസ്റ്റലും കിട്ടി.

ഏപ്രിൽ 5 രാത്രി വസ്ത്രങ്ങളും മറ്റാവശ്യസാധനസാമഗ്രികളും പായ്ക്ക് ചെയ്തു.6-ാം തീയ്യതി അതിരാവിലെ തന്നെ കുളിച്ച് ബാഗുകളും തൂക്കി പുറപ്പെട്ടു ; ഷൊർണ്ണൂർ റെയിൽവേ സ്റ്റേഷനിലേക്ക്.ഷൊർണ്ണൂർ വരെ ടാക്സി വിളിച്ചായിരുന്നു പോയത്.ഫാമിലിയിലെ ഏതാണ്ട് മുഴുവൻ പേരുമുണ്ടായിരുന്നു.ഷൊർണ്ണൂരെത്തിയപ്പോൾ ട്രെയിൻ പണി പറ്റിച്ചു ; ട്രെയിൻ ലേറ്റാണ്.ഏതാണ്ട് ഒരു മണിക്കൂറോളം വൈകും.രാവിലെയായതിനാൽ റെയിൽവേ സ്റ്റേഷൻ പൊതുവെ ശാന്തമായിരുന്നു.ഞങ്ങളുടെ ഫാമിലിയിലെ മറ്റു കുട്ടികൾക്കൊന്നും തന്നെ നിശബ്ദത ഇഷ്ടമല്ല.അവരാകെ ഒച്ചയും ബഹളവും ഓടലും

കളിക്കലും ഒക്കെയായി.ഇതൊക്കെയായപ്പോൾ തന്നെ സമയം പെട്ടന്ന് പോയി.ഏതാണ്ട് എട്ട് മണിക്ക് ട്രെയിൻ വന്നു.മൂന്ന് കംപാർട്ടുമെന്റോളം ഞങ്ങളുടെ ഫാമിലിയായിരുന്നു.ആദ്യമൊക്കെ ഞങ്ങൾ വലിയ ഒച്ചപ്പാടും ബഹളവുമൊന്നുമില്ലാതെ നിന്നു.പിന്നെ പിന്നെ  ചിലർക്കൊന്നും നിയന്ത്രിക്കാൻ പറ്റാതായി.അതോടെ ഉറക്കെ ചിരിക്കാനും പാടാനും ഒക്കെ തുടങ്ങി; ഇതൊക്കെ കണ്ട് ഞങ്ങളെ തുറിച്ചുനോക്കിയിരുന്ന,ബോഗിയിലുള്ള മറ്റു യാത്രക്കാരും ഞങ്ങളോടൊപ്പം കൂടി.ഞാൻ ചില പുസ്തകങ്ങളിലും സിനിമകളിലും ഒക്കെ കേട്ടിട്ടുണ്ട് ;നീണ്ട തീവണ്ടി യാത്രകളിൽ ഒരു ബോഗിയിലുള്ളവർ കുടുംബക്കാരെപ്പോലെ മാറുമെന്ന്.അതു തന്നെയായിരുന്നു ഞങ്ങളുടെ അവസ്ഥയും ! ഞങ്ങളെല്ലാവരും കൂടി പാട്ടു പാടാൻ തുടങ്ങി,അതുപിന്നെ അന്താക്ഷരിയായി,അതു പിന്നെ മറ്റു പല കളികളുമായി പരിണമിച്ചു.മറ്റു യാത്രക്കാരും എല്ലാവരും തന്നെ തിരുവനന്തപുരത്തേക്ക് തന്നെയായിരുന്നു;  അതുകൊണ്ട് യാത്രക്കാർ ഇറങ്ങുകയോ കയറുകയോ ഒന്നും  ഉണ്ടായില്ല.ഭക്ഷ്യസാധനങ്ങളൊക്കെ വിൽക്കാൻ വരുന്നവരെയും ഞങ്ങളുടെ കളി ഹരം പിടിപ്പിച്ചു;  അവർ കൗതുകത്തോടെ നിന്നു നോക്കുകയും പൊട്ടിച്ചിരിക്കുകയും ഒക്കെ ചെയ്തു.യാത്ര ഉടനീളം ഞങ്ങൾ അങ്ങനെ തന്നെയായിരുന്നു.തിരുവനന്തപുരം  റെയിൽവേ സ്റ്റേഷനിലിറങ്ങിയപ്പോൾ സമയം മൂന്നു മണി ആകാറായിരിക്കുന്നു.ഞങ്ങൾക്ക് മറ്റു യാത്രക്കാരെ വിട്ടുപിരിയുന്നതിൽ വല്ലാത്ത വിഷമയായിരുന്നു;അവർക്കും അങ്ങനെ തന്നെ.ഒടുവിൽ അവർ അവരുടെ വഴിക്കും ഞങ്ങൾ ഞങ്ങളുടെ വഴിക്കും



പിരിഞ്ഞുപോന്നു .ഹോസ്റ്റലിലെത്തി ഒന്നു കുളിച്ചപ്പോഴേക്കും തന്നെ എല്ലാവരുടെയും യാത്രാക്ഷീണമൊക്കെ വിട്ടു പോയിരുന്നു.ഭക്ഷണം കഴിച്ച് ഞങ്ങൾ അവിടെ നിന്നും ഇറങ്ങി.ഞങ്ങൾ നാപ്പിയർ മ്യൂസിയത്തിലേക്കാണ് പോയത്.അതു വല്ലാതെ സന്ദർശിച്ച് നിരീക്ഷിക്കാനൊന്നും ഞങ്ങൾക്ക് അവസരം കിട്ടിയില്ല ; പെട്ടന്നുതന്നെ പോരേണ്ടിവന്നു.ഈ മ്യൂസിയത്തിനകത്ത് ചരിത്രപ്രധാനമായ പല വസ്തുക്കളും

ആണുള്ളത് ; വെങ്കലപ്രതിമകളും പഴയകാല ആഭരണങ്ങൾ,പുരാധനക്കാലത്തെ തേര് ഇങ്ങനെ പലതുമുണ്ട്.ഇതിനു പരിസരത്തു തന്നെയാണ് തിരുവനന്തപുരം മൃഗശാലയും,എങ്കിലും ഞങ്ങൾക്ക് സമയമില്ലാത്തതിനാൽ അവിടേക്കുള്ള സന്ദർശനം പിറ്റേ ദിവസത്തിന് മാറ്റിവച്ചു.രാത്രി ഞങ്ങൾ കുട്ടികളും ചില മുതിർന്നവരും സിനിമയ്ക്കു പോയി.തിരിച്ചെത്തിയപ്പോഴേക്ക് സമയം വളരെ വൈകിയിരുന്നു.എത്തിയപ്പാടെ എല്ലാവരും ഉറങ്ങി.



പിറ്റേന്ന് ഞങ്ങൾ രാവിലെ ഏഴുമണിക്ക് തന്നെ പുറപ്പെട്ടു ; കനകക്കുന്ന് കൊട്ടാരത്തിലേക്ക്.ഈ കൊട്ടാരം വിവിധ കലാസംസ്കാരിക സംഗമങ്ങളുടെ വേദിയാണ് .വിനോദസഞ്ചാരവകുപ്പിന്റെ ആഭിമുഖ്യത്തിൽ നിശാഗന്ധി ഫെസ്റ്റിവൽ എന്നറിയപ്പെടുന്ന ഓൾ ഇന്ത്യ ഡാൻസ് ഫെസ്റ്റിവൽ അരങ്ങേറാറുള്ളത് ഇവിടെയാണ്.അതിനുശേഷം ഞങ്ങൾ തിരുവനന്തപുരം മൃഗശാലയിലേക്കാണ് പോയത്.കേരളത്തിലെ ഏറ്റവും വലിയ മൃഗശീലയാണ് ഇത്.പക്ഷിമൃഗാദികളെ അവയുടെ സ്വാഭാവിക ചുറ്റുപാടിൽ സംരക്ഷിച്ചിരിക്കുന്നതാണ് ഇതിന്റെ പ്രത്യേകത.എഴുപത്തഞ്ചോളം ജീവജാതികൾ ഇവിടെയുണ്ട്.



ഉച്ചതിരിഞ്ഞപ്പോൾ പിന്നെ ഞങ്ങൾ പോയത് കേരള നിയമസഭയുടെ അടുത്തേക്കാണ്.അന്ന് പ്രവൃത്തി ദിനമല്ലാത്തതിനാൽ പുറത്തു നിന്ന് നോക്കിക്കാണാനേ ഞങ്ങൾക്ക് സാധിച്ചുള്ളൂ.... അത് എന്നെ വല്ലാതെ നിരാശപ്പെടുത്തി.അവിടെ നിന്ന് ഉടൻതന്നെ ഞങ്ങൾ കോവളം ബീച്ചിലേക്ക് പോയി.വൈകുന്നേരസമയങ്ങളിൽ കോവളം ബീച്ച് കൂടുതൽ ഉണർന്നിരിക്കും.യൂറോപ്യരുടെ ഒരു പ്രധാന ഒഴിവുകാല കേന്ദ്രമാണല്ലോ ഇവിടം.അതുകൊണ്ട് തന്നെ ഇവിടെ ധാരാളം യൂറോപ്യരുണ്ടായിരുന്നു.ഞങ്ങൾ

ആവുന്നത്ര ഇംഗ്ലീഷിലൊക്കെ അവരോട് കുശലാന്വേഷണം പറഞ്ഞു.അവർക്കും തന്നെ അതു വല്ലാതെ ഹരം കേറി.ഞങ്ങൾ അവിടെ ബോട്ടിംങ് ഒക്കെ നടത്തി.സൂര്യസ്തമയമൊക്കെ കണ്ട് രാത്രിയിൽ ബീച്ചിനരികെയുള്ള ഒരു റിസോട്ടിൽ കുറച്ച് നേരം ചിലവഴിച്ചു.ദീപങ്ങൾക്കൊണ്ട് അലങ്കരിച്ച മനോഹരമായ ഒരു റിസോട്ടായിരുന്നു അത് ; അതിന്റെ ദൂരകാഴ്ച്ച തന്നെയാണ് ഞങ്ങളെയും അങ്ങോട്ട് ആകർഷിച്ചത്. അവിടെ വളരെയധികം യൂറോപ്യരുണ്ടായിരുന്നു.ഗാനമേളയും ഡാൻസും ഒക്കെയായി അവിടം വളരെ സന്തോഷത്തിൽ തന്നെയായിരുന്നു.പിന്നെ ഞങ്ങൾ ഹോസ്റ്റലിലേക്ക് തന്നെ മടങ്ങി.



പിറ്റേന്ന് തന്നെ ഞങ്ങൾക്ക് മടങ്ങേണ്ടിരുന്നു .മടക്കയാത്രയിലും ഞങ്ങൾ പാട്ടും കൂത്തുമൊക്കെയായി തന്നെയായിരുന്നു.ഇത്തവണ ഞങ്ങൾക്ക് കൂടെയുണ്ടായിരുന്നത് കുറച്ച് യൂറോപ്യർ മാത്രമായിരുന്നു.ഞങ്ങളുടെ ഈ സന്തോഷത്തിൽ അവരും കൂടി .ഞങ്ങൾ ആവുന്ന തരത്തിൽ അവരോട് ഇംഗ്ലീഷ് പറഞ്ഞു.അവർ മലയാളം പറയാനൊക്കെ ശ്രമിച്ചു നോക്കി.ഞങ്ങൾ പാടുന്നതിനിടയിൽ "കണ്ണീരിൽ മുങ്ങി ഞാൻ....." - പാട്ടു പാടിയപ്പോൾ കൂട്ടത്തിലെ സായിപ്പിനത് വല്ലാതെ ഇഷ്ടമായി.യേശുദാസ് പാടിയതിന്റെ ഓഡിയോ കേൾപ്പിച്ചപ്പോൾ അദേഹം അത് യൂ ട്യൂബിൽ നിന്നും ഡൗൺലോഡ് ഒക്കെ ചെയ്തു ; പാടാനും ശ്രമിച്ചു.പക്ഷേ അദ്ദേഹത്തിനത് വഴങ്ങുന്നില്ല.

അങ്ങനെ ഇങ്ങോട്ടുള്ള യാത്രയും സന്താഷത്തിലായിരുന്നു.നല്ല ഒരനുഭവം തന്നെയായിരുന്നു ഈ യാത്ര.

സഫസുൽത്താന.കെ.എ

***10 E***

# കൂട്ടുകാർ വരച്ച ചിത്രങ്ങൾ







SREEVARSHA.C
9A

# ഓർമകളുടെ താളുകൾ














AUG 9
DEMAND A NUCLEAR WEAPONS FREE WORLD
Rise your hands against the war




























എൻ.ബി
ഗിരിജാകുമാരി
ടീച്ചർക്ക്
സ്നേഹാദരങ്ങൾ
സഹപ്രവർത്തകരും കുട്ടികളും
കാവനൂർ ഗവ: ഹയർ സെക്കണ്ടറി സ്കൂൾ, എളയൂർ













# We the Little Kites

Kite Master



Kite Mistress





## മാഗസിന്റെ പിന്നിൽ

# ശീതൾ.എം

# സൂര്യ ഗായത്രി.പി

# ശാമില.സി.കെ

# നന്ദന സുരേന്ദ്രൻ.എൻ

# ഫിദ.കെ

# ലിൻസിയ മെഹന

ഈ മാഗസിന്റെ വേണ്ടി പ്രവർത്തിച്ച എല്ലാവരോടും നന്ദിയും കടപ്പാടും അറിയിക്കുന്നു

